# പതിമൂന്നാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2342**

**23.01.2014 ലെ മറുപടിക്ക്**

<u>ചാത്തന്നൂർ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ വാട്ടർ ടാങ്ക് നിർമ്മാണം</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജി.എസ്.ജയലാൽ എം.എൽ.എ** | | **ശ്രീ.കെ.എം.മാണി** (ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിലവിൽ ഏറ്റെടുക്കുവാൻ കഴിയുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് നിർദ്ദേശിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ കഴിയുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ 11.06.2012 ലെ സ.ഉ.(പി) നം.332/12/ധന ഉത്തരവിൽ വിശദീകരിക്കുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (ബി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് അറിയിച്ചു കൊണ്ടുള്ള സർക്കുലർ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ടോ; അതിൻപ്രകാരം പ്രവൃത്തി നിർദ്ദേശം ലഭിച്ച് എത്ര നാളുകൾക്കകം ഭരണാനുമതി നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28.12.2012 ലെ സർക്കുലർ നം.73/12/ധന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ഉത്തരവ് ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ധനവകുപ്പ് ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി അംഗീകരിച്ചതായ പ്രവൃത്തികൾക്ക് അടുത്ത 10 ദിവസത്തിനുള്ളിൽതന്നെ ഭരണാനുമതി നൽകണമെന്ന് ടി സർക്കുലറിൽ നിഷ്കർഷിക്കുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (സി) | ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിലേക്ക് എന്നാണ് നിർദ്ദേശം നൽകിയത്; നാളിതുവരെയുള്ള പ്രവർത്തന പുരോഗതി അറിയിക്കുമോ; പ്രവൃത്തി നടപ്പിലാക്കുവാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ? | ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബഹു.ചാത്തന്നൂർ എം.എൽ.എ. ശ്രീ.ജി.എസ്.ജയലാൽ സമർപ്പിച്ച കത്ത് 14.06.2013 തീയതിയിൽ, വിശദമായ എസ്റ്റിമേറ്റ് സഹിതം ഫയൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ആരോഗ്യകുടുംബക്ഷേമവകുപ്പിന് കൈമാറിയിട്ടുണ്ട്. ആ വകുപ്പിന്റെ ശുപാർശ ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**